7. ആശുപത്രി പ്രവർത്തനം കാര്യക്ഷമമാക്കൽ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, തൃശ്ശൂർ ജില്ലാ ആശുപത്രി ജനറലാശുപത്രിയായിട്ട് ഒരു വർഷമായിട്ടും അവിടെ ആവശ്യമായ ഒരു സ്റ്റാഫിനെപ്പോലും നിയോഗിച്ചിട്ടില്ല. ഡിപ്പാർട്ടുമെന്റുകളിൽ ബോർഡുണ്ട്, പക്ഷേ ഒന്നും പ്രവർത്തിക്കുന്നില്ല. ആർ.എസ്.ബി.വൈ. ഫണ്ടിന്റെ കാര്യംകൊണ്ട് 74 ജീവനക്കാരിൽ 24 പേരെ പിരിച്ചുവിടേണ്ടിവന്നു. അവിടെ ആകെ സമരാന്തരീക്ഷമാണ്. പ്രവർത്തനം നടക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് ഡിപ്പാർട്ടുമെന്റ് കൊടുത്ത പതിവ് മറുപടി ഞാൻ പ്രതീക്ഷിക്കുന്നു. പക്ഷേ അതെല്ലാം തെറ്റാണ്. അതിനെതിരായ തെളിവുകളായി പത്രറിപ്പോർട്ടുകൾ അദ്ദേഹത്തിന് കൊടുത്തിട്ടുണ്ട്. അതുപോലെതന്നെ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിക്ക് കോടിക്കണക്കിന് രൂപ സാംഗ്ഷൻ ചെയ്തുകിട്ടിയിട്ട് ഇതുവരെ പണിതുടങ്ങിയിട്ടില്ല. പഴയ കെട്ടിടങ്ങൾ പൊളിച്ചുനീക്കാൻ പറ്റുന്നില്ല. ഒരുകാര്യവും നടക്കുന്നില്ല. അതുകൊണ്ട് അടിയന്തരമായി ഈ നിയമസഭാ സമ്മേളനത്തിൽതന്നെ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് സമയബന്ധിതമായി ഈ വിഷയത്തിന് പ്രശ്നപരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, എം.എൽ.എ.മാരുടെ സഹകരണത്തോടുകൂടി ഏറ്റവും നല്ല രീതിയിൽ പ്രവർത്തനം നടക്കുന്ന ഒരാശുപത്രിയാണ് തൃശ്ശൂർ ജനറലാശുപത്രി. അവിടെ 350-ഓളം രോഗികൾക്ക് ഐ.പി. ചികിൽസ നൽകുന്നുണ്ട്. 1300 ഒ.പി., ഇരുന്നൂറിലധികം പ്രസവം എന്നിവ എല്ലാമാസവും നടക്കുന്നുണ്ട്. രണ്ട് ഷിഫ്റ്റുകളിലായി 20 പേർക്ക് ദിവസേന ഡയാലിസിസ് നടത്തുന്നുണ്ട്. ഫിസിയാട്രി യൂണിറ്റിനോട് ചേർന്ന് റീജിയണൽ ലിംബ് ഫിറ്റിംഗ് സെന്റർ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. കാൻസർ രോഗികൾക്കുള്ള കീമോതെറാപ്പി ചികിത്സ ഇവിടെ നടത്തുന്നുണ്ട്. ജെറിയാട്രിക് വാർഡ്, എസ്.എൻ.സി.യു. (സിക്ക് ന്യൂബോൺ കെയർ യൂണിറ്റ്) ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം, ബ്ലഡ് ബാങ്ക്, നാഷണൽ ഡെഫ്നസ് കൺട്രോൾ പ്രോഗ്രാം, സി.റ്റി. സ്കാൻ സെന്റർ എന്നിവയും ഇവിടെ നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. എല്ലാ പ്രധാനപ്പെട്ട സ്പെഷ്യാലിറ്റികളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. 50 തസ്തികകൾ ഉള്ളതിൽ 5 ഒഴിവുകൾ മാത്രമാണ് നികത്താനുള്ളത്. 28-7-2012-ലെ സർക്കാർ ഉത്തരവുപ്രകാരം ജില്ലാ ആശുപത്രിയായി പദവി ഉയർത്തപ്പെട്ട തൃശ്ശൂർ ജനറൽ ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചുവരികയാണ്. പുതുതായി നിർമ്മിച്ച ഒ.പി. ബ്ലോക്കിന്റെ മൂന്ന്

LIBRARY ARCHIVES Kerala Legislative Assembly

നിലകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ബ്ലോക്കിൽ മൂന്ന് ലിഫ്റ്റുകൾ പണിയുന്നതിനായി 115 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പുതിയ ഒ.പി. കെട്ടിടത്തിന്റെ ലിഫ്റ്റിന്റെ പണി പൂർത്തിയാകുന്നതോടെ ഒ.പി. വിഭാഗവും കൂടുതൽ കാര്യക്ഷമമാകുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിന് 7,25,00,000 രൂപ അനുവദിച്ചിട്ടുണ്ട്. പഴയ ജില്ലാ ആശുപത്രിയുടെ കോമ്പൗണ്ടിലുള്ള ഉപയോഗ്യ ശൂന്യമായ നാല് കെട്ടിടങ്ങൾ പൊളിച്ചുനീക്കി അതിനുവേണ്ട പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ജനുവരിയിൽത്തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും. ആർ.എസ്.ബി.വൈ. ഫണ്ട് പ്രകാരം നിശ്ചിതമായിട്ടുള്ള എംപ്ലോയീസിനെ മാത്രമേ നിയോഗിക്കാൻ കഴിയുകയുള്ളൂ. കൂടുതലായിട്ടുള്ള ആളുകളെയാണ് പിരിച്ചുവിട്ടിട്ടുള്ളത്. അത് എന്താണെന്നുള്ളത് പരിശോധിക്കാം.

8. അരീക്കോട് യുനാനി ആശുപത്രി

ശ്രീ. പി. കെ. ബഷീർ: സർ, എന്റെ നിയോജക മണ്ഡലത്തിലെ അരീക്കോട് പ്രദേശത്ത് ഒരു യുനാനി ആശുപത്രി സ്ഥാപിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. 10 സെന്റ് സ്ഥലം അവിടെ സൗജന്യമായി യുനാനി ആശുപത്രി സ്ഥാപിക്കുന്നതിനുവേണ്ടി ജനങ്ങൾ നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ യുനാനി ആശുപത്രികൾ ഇല്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക താൽപ്പര്യമെടുത്ത് ഏറനാട് മണ്ഡലത്തിലെ അരീക്കോട് ഒരു യുനാനി ആശുപത്രി സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഭാരതീയ ചികിത്സാ വകുപ്പിന്റെകീഴിൽ കാസർഗോഡ് ജില്ലയിൽ ഒരു യുനാനി ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ എൻ.എച്ച്.എം. മുഖേന കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിലായി 15 ഡിസ്പെൻസറികളാണ് കേരളത്തിൽ പ്രവർത്തിക്കുന്നത്. ഇനിയും ഡിസ്പെൻസറികൾ ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പല സ്വയംഭരണ സ്ഥാപനങ്ങളും ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ച കാര്യം, നമ്മുടെ സംസ്ഥാനത്ത് "ആയുഷ്" രൂപീകരണത്തോടുകൂടി "ആയുഷ്"-ന്റെ എല്ലാ ശാഖകൾക്കും കൂടുതൽ പ്രാധാന്യം നൽകണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ നൽകിയിട്ടുള്ള നിവേദനപ്രകാരം 10 സെന്റ് സ്ഥലം അനുവദിച്ച് ലഭ്യമാകുകയാണെങ്കിൽ തീർച്ചയായും ഗവൺമെന്റ് ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly